## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3594 — 22.08.2017 – ൽ മറുപടിക്ക്

## റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായവരുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) | റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 612511 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏകദേശം എത്രപേരാണ് ഇത്തരത്തിൽ പട്ടികയിൽ ഉൾപ്പെടാതെ പോയതെന്നാണ് കണക്കാക്കിയിട്ടുള്ളത്; | | |
| (സി) | റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിലാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്? | (സി) | സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അന്തിമ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരത്തിനായി നൽകുകയും ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**